
# ബൈബിൾ ട്രൂത്ത്



# THE BIBLE TRUTH

## നോട്ടീസ്

ആർക്കെങ്കിലും മാസിക കിട്ടാതെ വരുമ്പോഠം,നിങ്ങഠം സ്ഥലം മാറുമ്പോഠം, മാസിക വേണ്ടെന്നുള്ളവർ എല്ലാ കത്തിടപാടുകളിലും നിങ്ങളുടെ അഡ്രസിൻെറ മുകളിൽ കൊടുത്തിരിക്കുന്ന നമ്പർ വ്യക്തമായി എഴുതിയിരിക്കണം. പുതിയ അഡ്രസ് എഴുതുമ്പോഠം അതു വലിയ അക്ഷരത്തിൽ എഴുതിയിരിക്കണം. പഴയ കോപ്പികഠം മാസങ്ങഠംക്കു ശേഷം ആവശ്യപ്പെട്ടാൽ ലഭിക്കുന്നതല്ല.

ലേഖനങ്ങളും കവിതകളും അയക്കുമ്പോഠം അതോടൊപ്പം അതു നിങ്ങളുടേതു തന്നെ എന്നു കാണിക്കുന്ന സാക്ഷ്യപത്രവും പൂർണ്ണവിലാസവും ഉണ്ടായിരിക്കണം. പ്രസിദ്ധീകരണയോഗ്യമെങ്കിൽ മാത്രം പ്രസിദ്ധീകരിക്കുന്നതാണ്.

വായനക്കാരുടെ എല്ലാവരുടേയും ഹൃദയം നിറഞ്ഞ സ്നേഹത്തിനും പ്രോത്സാഹനത്തിനും നന്ദി. വെറും വായനക്കാർ മാത്രമായിരിക്കാതെ വചനം പ്രായോഗികമാക്കി തീർക്കുക.

എഡിററർ

# ബൈബിൾ ട്രൂത്ത്

**Editors**

**P. K. VARGHESE** **J. C. CHOATE**

**Published by Church of Christ**

പുതിയ നിയമ ക്രിസ്ത്യാനിത്വത്തിൻെറ പുനരേകീകരണം

**Vol. 11** **December 1997** **No. 9**


## എഡിറേറാറിയൽ

ഏതൊരു രാജ്യത്തിലും പുരോഗമന ചിന്താഗതിക്കാരും യാഥാസ്ഥിതിക ചിന്താഗതിക്കാരുമുണ്ട്. പല വിധത്തിലും പുരോഗതി അവകാശപ്പെടുന്ന മനുഷ്യർക്കിടയിൽ വർദ്ധിച്ചു വരുന്ന ചിലതുണ്ട്. അഴിമതി കഥകൾക്കു ശേഷം മാദ്ധ്യമ ശ്രദ്ധ പിടിച്ചു പററിയിരിക്കുന്ന വിഷയമാണ് പെൺവാണിഭം. കല, സംസ്കാരം, രാഷ്ട്രീയം, മതം എന്നിവയെല്ലാം ഇന്ന് വാണിജ്യത്തിലാണ് ചലിക്കുന്നത്. മാന്യമായ വ്യവസായത്തെ ആരും എതിർക്കുകയില്ല. നമ്മുടെ ജീവിതത്തിൽ ആവശ്യമുള്ള ലൗകിക ഘടകമാണ് പണം. കർമ്മശേഷിയുള്ള ഏതൊരാളും അദ്ധ്വാനിക്കയും ഉപജീവനത്തിനു ധനം കണ്ടെത്തുകയും ചെയ്യണം. പക്ഷെ അതു നീതി പൂർവ്വമായ പ്രവൃത്തിയിലൂടെയാണ് നേടേണ്ടത്.

അനായാസേന ധ്രുതഗതിയിൽ പണമുണ്ടാക്കുന്ന വ്യഗ്രത മനുഷ്യരെ പിടികൂടിയിരിക്കയാണ്. ഒരിക്കൽ ഹീനമെന്നു വിചാരിച്ചു മാററി നിർത്തിയ പലതും ഇന്നു ധൈര്യസമേതം ചെയ്യുന്നവർ ഉണ്ട്. തങ്ങളുടെ ജഢികമായ ഇച്ഛ നിറവേററുവാൻ പണം ആവശ്യമാകയാൽ അതു സമ്പാദിക്കുവാൻ അവർ ഏതു മാർഗ്ഗം വേണ്ടി വന്നാലും സ്വീകരിക്കുന്നു. പണ്ടു മനുഷ്യർ മനുഷ്യരെ അടിമകളാക്കി വില്ക്കുകയും വാങ്ങുകയും ചെയ്യുന്ന സമ്പ്രദായം ഉണ്ടായിരുന്നു. പിന്നീടും മനുഷ്യരുടെ കായികശേഷിയെ

ചൂഷണം ചെയ്യാൻ തുടങ്ങി. ദാരിദ്ര്യം അനുഭവിക്കുന്ന ഒരു വിഭാഗം അതിൽ നിന്നു മോചനത്തിനായി എന്തും ചെയ്യാൻ തയ്യാറാകുന്നു. അതിനെ ചൂഷണം ചെയ്യാനെത്തുകയാണ് ചിലർ വ്യാപാരക്കണ്ണുകളുമായി. പണത്തിനു വേണ്ടി മററുള്ളവരെ ഉപദ്രവിക്കുന്ന ചിലർ എല്ലാ സ്ഥലങ്ങളിലും കാണുന്നു. ധാർമ്മികതയോ മതപരമായ വിലക്കുകളോ ഇവർ കാര്യമാക്കുന്നില്ല.

സ്ത്രീജനം ബലഹീനപാത്രമാണ്, അവരെ വ്യവസായ വസ്തുവായി കാണുന്നത് എത്ര ഖേദകരമാണ്. അവരെ ബഹുമാനിക്കയും അവർക്കു സമൂഹത്തിൽ ചെയ്യാൻ കഴിയുന്ന സൽപ്രവൃത്തികൾ ചെയ്യിക്കയുമാണ് വേണ്ടത് ധർമ്മമല്ലാത്ത പ്രവൃത്തികൾക്കു വിധേയരാവുന്നവരുടെ മാനസികാവസ്ഥ എന്തായിരിക്കും എന്നോർക്കുക. അതിനു അവരെ പ്രേരിപ്പിക്കുന്നവരും ഒരുപോലെ കുററക്കാരാണ്. മദ്യവും മാംസവും വില്ക്കുന്നവരുണ്ട്. എന്നാൽ മ്ലേച്ഛമായ ലാഭേച്ഛ അവരെ കൊണ്ടെത്തിക്കുന്ന കെണി വളരെ പരിതാപകരവും ലജ്ജാകരവുമത്രെ. എന്താണ് പരിഹാരമാർഗ്ഗം? സത്യത്തിനും നീതിക്കും ധാർമ്മിക നിലവാരത്തിനും പ്രാധാന്യം കൊടുക്കുന്ന ജീവിതത്തിലേക്ക് അവരെ നയിക്കണം. ദാരിദ്ര്യമോ മറെറന്തായാലും അതു പരിഹരിക്കുവാൻ അവർക്കു ശരിയായ മാർഗ്ഗ നിർദ്ദേശവും സാഹചര്യവും ഒരുക്കി കൊടുക്കണം. മതത്തിന്റെ പേരിൽ പ്രവർത്തിക്കുന്നവർക്കും സന്നദ്ധ സംഘടനകൾക്കും ഈ കാര്യത്തിൽ വളരെ ഏറെ ചെയ്യുവാൻ കഴിയുമെങ്കിലും അടിസ്ഥാനപരമായി മാററം ഉണ്ടാകുവാൻ ദൈവകല്പനകളെ ഭയപ്പെട്ടു അനുസരിക്കേണ്ടതു ആവശ്യമാണ്. മനോഭാവത്തിനു മാററമുണ്ടാക്കുവാൻ ദൈവസഹായം കൂടിയേ തീരു.

★

# ക്രിസ്ത്യാനികളുടെ വീഴ്ച എന്തുകൊണ്ട്?

## J. C. ചോട്ട്

മതപരമായ ലോകത്തിൽ പരന്നിട്ടുള്ള തെററിദ്ധാരണകളിൽ ഒന്നാണ് "ഒരിക്കൽ രക്ഷിക്കപ്പെട്ടാൽ രക്ഷ നഷ്ടപ്പെടുകയില്ല" എന്നത്. വളരെ പ്രചാരത്തിലിരിക്കുന്ന ആശ്വാസപ്രദമായ ഒരുപദേശമാണിത്. കേൾക്കുന്നവർ സന്തോഷിക്കും. പക്ഷെ അത് അസത്യമാകുന്നു. ഈ ദുരുപദേശത്തിൽ നിങ്ങളെ വഞ്ചിതരാകാതിരിപ്പാൻ സൂക്ഷിച്ചുകൊൾക.

ഒരാൾക്കു രക്ഷിക്കപ്പെടാൻ കഴിയുമെങ്കിൽ നഷ്ടപ്പെടാനും കഴിയും എന്നതാണ് വാസ്തവം. ഒരാൾക്കു ക്രിസ്ത്യാനിയാകാൻ കഴിയുന്നതു പോലെ ക്രിസ്ത്യാനിയല്ലാതായി തീരുവാനും കഴിയുന്നു. യേശുക്രിസ്തുവിൻെറ അപ്പൊസ്തലനായിരുന്ന യൂദാ വീണു പോയില്ലേ? ലോകത്തെ സ്നേഹിച്ചുകൊണ്ടു ദേമാസ് പൌലൊസിനെ വിട്ടുപോയില്ലേ? (2തിമൊഥെയോസ് 4:10). മുടിയനായ പുത്രൻെറ കഥയിൽ യേശുക്രിസ്തു നമ്മെ പഠിപ്പിക്കുന്ന പാഠം എന്താണ്? (ലൂക്കൊസ് 15:32). ക്രിസ്ത്യാനികൾക്കു കർത്താവ് ഈ കല്പനകളെല്ലാം തന്നിരിക്കുന്നത് എന്തിനാണ്? ബൈബിൾ വായിക്കുവാൻ, വിശ്വസിക്കുവാൻ, ആരാധിക്കുവാൻ, അന്യോന്യം പ്രബോധിപ്പിപ്പാൻ എല്ലാം പറഞ്ഞിരിക്കുന്നു. വിശ്വസ്തരായി ദൈവത്തെ സേവ ചെയ്‌വാനും ആഹ്വാനം ചെയ്തിരിക്കുന്നു. അവിശ്വസ്തരായി ജീവിച്ചാൽ എന്തു സംഭവിക്കുമെന്നു മുന്നറിയിച്ചിട്ടുണ്ട്.

നമ്മുടെ മനസ്സിലേക്കു കടന്നു വരുന്ന അടുത്ത ചോദ്യമാണ്, എന്തുകൊണ്ടു ക്രിസ്ത്യാനികൾ വിശ്വാസത്തിൽ നിന്നു വീണു പോകുന്നു എന്നത്. അനേക കാരണങ്ങൾ

ഉണ്ടെങ്കിലും അവയിൽ ഒന്നുപോലും നീതീകരിക്കാവുന്നതല്ല. കർത്താവിൻെറ ജനങ്ങളായി തീർന്നവരിൽ ചിലർ എന്തുകൊണ്ടു വീണുപോകുന്നു എന്നത് നമുക്കു ഗഹനമായി പരിശോധിക്കാവുന്നതാണ്.

1. അവർ പരീക്ഷണം നിമിത്തം തെററു ചെയ്യുകയും അതിനു അവരെ ഏല്പിച്ചു കൊടുക്കയും ചെയ്യുന്നു. ഒരുപക്ഷെ കള്ളം പറയുന്നതോ, മോഷ്ടിക്കുന്നതോ, ആരെയെങ്കിലും ചതിക്കുന്നതോ, അധർമ്മം പ്രവർത്തിക്കുന്നതോ അങ്ങനെ എന്തുമാകാം. പരീക്ഷണങ്ങൾ വരുമ്പോൾ ഓർമ്മിക്കേണ്ട രണ്ടു കാര്യങ്ങൾ ശ്രദ്ധിക്കണം. നമ്മുടെ കഴിവിനപ്പുറമായി പരീക്ഷിക്കപ്പെടുവാൻ കർത്താവ് അനുവദിക്കില്ല. രണ്ടാമത് പരീക്ഷണത്തോടുകൂടെ അവൻ പോക്കുവഴിയും ഒരുക്കും (1 കൊരിന്ത്യർ 10:13). നമ്മുടെ ജീവിതത്തിൽ ഏതൊരു വിധത്തിലുള്ള പരീക്ഷണം നേരിട്ടാലും അതിനെ അതിജീവിക്കുവാൻ ദൈവം നമ്മെ സഹായിക്കും. പക്ഷെ അതിൽ നിന്നും രക്ഷപ്പെടുവാൻ നാം ആഗ്രഹിച്ചെങ്കിലേ ദൈവം പ്രവർത്തിക്കൂ. പലരും പരീക്ഷണത്തെ അതിജീവിക്കാൻ കണ്ടെത്തുന്ന മാർഗ്ഗം ദൈവേഷ്ടത്തിനു നിരുദ്ധമായി മാറുന്നു. അതിൻെറ അനന്തര ഫലമോ വീഴ്ച്ച തന്നെ. അവർ അങ്ങനെ ആകേണ്ടിയിരുന്നില്ല. പക്ഷെ ആയിപ്പോയതാണ്.

2. ലോകത്തെ അമിതമായി സ്നേഹിച്ചതുകൊണ്ടത്രെ ചിലർ വീണുപോയത്. ലോകത്തിലുള്ള ആളുകളിലേക്കു അവർ നോക്കുന്നു. അവരെപോലെ ആകുവാൻ താല്പര്യപ്പെടുന്നു. വസ്ത്രധാരണത്തിൽ, സംഭാഷണത്തിൽ എല്ലാം ലോകത്തിലുള്ള ആളുകൾ ചെയ്യുന്നതുപോലെ ചെയ്യുവാൻ അവർ ഇഷ്ടപ്പെടുന്നു. വിശ്വസ്ത ക്രിസ്ത്യാനിയായി തുടരാൻ ആഗ്രഹിക്കുന്ന ഒരാൾക്കു അത് ചെയ്യുവാൻ മനസു വരികയില്ല. അപ്പൊസ്തലനായിരുന്ന യോഹന്നാൻെറ മുന്നറിയിപ്പ് വായിക്കുക. "ലോകത്തെയും ലോകത്തിലുള്ളതിനേയും സ്നേഹിക്കരുത്. ഒരുവൻ

ഒരുവൻ ലോകത്തെ സ്നേഹിക്കുന്നുവെങ്കിൽ അവനിൽ പിതാവിൻെറ സ്നേഹം ഇല്ല. ജഡമോഹം, കൺമോഹം, ജീവനത്തിൻെറ പ്രതാപം ഇങ്ങനെ ലോകത്തുള്ളത് എല്ലാം പിതാവിൽ നിന്നല്ല, ലോകത്തിൽ നിന്നത്രെയാകുന്നു. ലോകവും അതിൻെറ മോഹവും ഒഴിഞ്ഞുപോകും; ദൈവേഷ്ടം ചെയ്യുന്നവനോ എന്നേക്കും ഇരിക്കുന്നു (1 യോഹന്നാൻ 2:15-17).

3. മതിയാംവണ്ണം അവർ ബൈബിൾ വായിച്ച് പഠിക്കുന്നില്ല. ഒരാൾക്കു വേണ്ടത്ര ആത്മീയാഹാരം ലഭിക്കുന്നില്ലെങ്കിൽ അയാൾ ആത്മീയമായി മരിക്കും. മനുഷ്യൻ അപ്പം കൊണ്ടു മാത്രമല്ല, ദൈവത്തിൻെറ വായിൽ നിന്നു വരുന്ന സകല വചനങ്ങൾകൊണ്ടും ജീവിക്കുന്നു എന്നു കർത്താവു അരുളിച്ചെയ്തു (മത്തായി 4:4). ഒരു വ്യക്തി കർത്താവിൻെറ ഉപദേശ പ്രകാരം വെള്ളത്താലും ആത്മാവിനാലും ജനിക്കുമ്പോൾ ആത്മീയ ജനനം നടക്കുന്നു. (യോഹന്നാൻ 3:3-5). പിന്നീട് വളർന്നു ശക്തനാകുവാൻ വചനമെന്ന മായമില്ലാത്ത പാൽ കുടിക്കണം (1 പത്രൊസ് 2:2). ലോകത്തിൽ ജീവിക്കുവാനും പോരാട്ടങ്ങളെ തോല്പിക്കുവാനും ഈ വളർച്ച സഹായകരമായി തീരും (1 കൊരിന്ത്യർ 10:3). നിരന്തരമായി വചനം കേൾക്കുകയോ പഠിക്കുകയോ ചെയ്യാത്തവർ, ആത്മീയ പോഷണത്തിൻെറ അഭാവം മൂലം ബലഹീനരായി, താല്പര്യം കുറഞ്ഞ് മരണമടയുന്നു.

4. ചിലർ അവരുടെ ലൗകിക ജോലികളിൽ, കളികളിൽ തിരക്കുള്ളവരായി തീരുന്നു. ആരാധനയും ബൈബിൾ പഠനവും ഉപേക്ഷിച്ച് അവസാനം പിൻമാറി പോകുന്നു ദൈവത്തെ സത്യത്തിലും ആത്മാവിലും ആരാധിക്കയും വിശുദ്ധന്മാരും കർത്താവുമായുള്ള കൂട്ടായ്മ ആചരിക്കേണ്ടതും അത്യാവശ്യമാണ്. ആഴ്ചവട്ടത്തിൻെറ ഒന്നാം നാളിൽ കർത്താവിൻെറ ശിഷ്യന്മാർ എല്ലാവരും കൂടിവരണം

(പ്രവൃത്തി 20:7; യോഹന്നാൻ 4:24; പ്രവൃത്തി 2;42), ദൈവത്തോടും സഹോദരങ്ങളോടും കൂടുതൽ അടുക്കുന്നതിനും വിശ്വാസത്തിൽ തുടരുന്നതിനും ഇതു നമ്മെ ഉത്തേജിപ്പിക്കും.

5. ചിലർ തങ്ങളുടെ പ്രശ്നങ്ങൾക്കു കർത്താവിനെയോ അവന്റെ സഭയെയോ പഴിച്ചു കടന്നു കളയുന്നു. ഒരാൾക്കു തന്റെ ജീവിതത്തിൽ രോഗമോ, കഷ്ടനഷ്ടങ്ങളോ, പ്രയാസങ്ങളോ നേരിടുമ്പോൾ, പെൺകുട്ടികൾക്കു വിവാഹം നടക്കാതിരിക്കുമ്പോൾ, എല്ലാം അവർ കണ്ടെത്തുന്ന കാരണം, കർത്താവും സഭയുമാണ്. തീർച്ചയായും അതിനു കർത്താവോ സഭയോ ഉത്തരവാദിയല്ല എന്നതാണ് വാസ്തവം. അവരുടെ വേദന പരിഹരിക്കാൻ, കർത്താവിനെ അനുവദിക്കാതെ അവർ അവനിൽ നിന്നു അകന്നു പോകുന്നു.

6. വേറെ ഒരു വിഭാഗം, ദുരുപദേഷ്ടാക്കളുടെ വഞ്ചനയിൽ അകപ്പെട്ടു തെറ്റിപ്പോകുന്നു. ആരും നിങ്ങളെ ചതിക്കാതിരിപ്പാൻ നോക്കുവിൻ എന്നു പൌലൊസ് പറഞ്ഞിരിക്കുന്നു (2 തെസ്സലൊനീക്യർ 2:3). ആരും നിങ്ങളെ തെറ്റിക്കാതിരിപ്പാൻ സൂക്ഷിച്ചുകൊൾവിൻ (ലൂക്കൊസ് 21:8). സാധുക്കളുടെ ഹൃദയങ്ങളെ വഞ്ചിക്കുന്നവരെ സൂക്ഷിച്ചുകൊൾവിൻ (റോമർ 16:17-18).

7. വ്യക്തിപരമായ അഭിപ്രായ വ്യത്യാസങ്ങളാൽ കർത്താവിൽ നിന്നും സഭയിൽ നിന്നും വിട്ടു പോകുന്നവരുണ്ട്, അവരുടെ വാദം അംഗീകരിച്ചില്ലെന്നു കണ്ടു പിന്നീട് എന്തിനേയും എതിർക്കുന്ന അഹങ്കാരത്തിലേക്കു അവർ നീങ്ങുന്നു. അവരുടെ തെറ്റു സമ്മതിക്കുവാനോ തിരുത്തുവാനോ അവർ തയ്യാറാവുന്നില്ല. അതുകൊണ്ടു അവസാനം അവരുടെ ആത്മാക്കളെ നഷ്ടപ്പെടുത്തുന്നു. സ്വന്തം അപരാധത്തെ മറച്ചുപിടിച്ചു മറ്റുള്ളവരെ കുറ്റപ്പെടുത്തുന്നവർക്കു സ്വയം തിരുത്തൽ അനിവാര്യമാണ്.

8. ഏതാനും പേർ കർത്താവിനെ സേവിക്കുന്നതിൽ അലസരാണ്. അവർക്കു ആത്മീയ കാര്യങ്ങളിൽ താല്പര്യമോ എരിവോ ഇല്ല. അവർ ഒന്നും ചെയ്യുവാൻ ആഗ്രഹിക്കുന്നില്ല. അതുകൊണ്ടു ചെയ്യുന്നില്ല. അതിന്റെ ഫലമോ ആത്മീയ മരണമാണ്. ക്രിസ്ത്യാനി ഒരു വേലക്കാരനായിട്ടാണ് തിരുവെഴുത്തു വെളിപ്പെടുത്തുന്നതു (2 തിമൊഥെയൊസ് 2:16). ഒരാൾ തന്റെ വെളിച്ചം മറ്റുള്ളവർക്കു പ്രകാശം കൊടുക്കണം. അങ്ങനെ അയാളുടെ സൽപ്രവൃത്തികൾ കണ്ടു ആളുകൾ ദൈവത്തെ മഹത്വപ്പെടുത്തണം (മത്തായി 5:16). സുവിശേഷം ലോകത്തിൽ പ്രസംഗിക്കണം (മർക്കൊസ് 16:15). ദരിദ്രരെ സഹായിക്കണം (ഗലാത്യർ 2:10). ആത്മാവിന്റെ ഫലം പുറപ്പെടുവിക്കണം (ഗലാത്യർ 5:22-26).

9. സഭയ്ക്കു പുറത്തു നിന്നും വിവാഹം കഴിക്കുന്ന ചിലരും സഭയിൽ നിന്നു പുറത്തു പോകാറുണ്ട്. സഭയ്ക്കു പുറത്തുള്ള ആരുതന്നെയായാലും, ആ വ്യക്തി ക്രിസ്ത്യാനിയല്ല. ക്രിസ്തുവിൽ വിശ്വസിക്കുന്നവർ ആണെങ്കിൽ പോലും കർത്താവിന്റെ സഭയിൽ അംഗമല്ലാത്തതാണ് കാരണം. ഇങ്ങനെ വിവാഹബന്ധത്തിൽ ഏർപ്പെടുന്നയാൾ പങ്കാളിയുടെ ആരാധനാസ്ഥലത്തു പോകേണ്ടി വരുന്നു. അല്ലെങ്കിൽ രണ്ടു സ്ഥലത്തും പോകേണ്ട എന്ന തീരുമാനത്തിലെത്തുന്നു. അവസാനം ആത്മാവിനെ നഷ്ടപ്പെടുത്തുന്നു. സ്ത്രീയായാലും പുരുഷനായാലും വിവാഹത്തിനു മുൻപ് പങ്കാളിയെ ബൈബിൾ പഠിപ്പിച്ച് മനസിലാക്കി പരിവർത്തനം ചെയ്യപ്പെട്ടശേഷം വിവാഹം കഴിക്കുന്നതാണ് ഉത്തമം. വിവാഹം കഴിഞ്ഞശേഷം ആകാമെന്ന് കരുതുന്നവർ പരാജയപ്പെടാനാണ് സാദ്ധ്യത. അവിശ്വാസികളോട് ഇണയല്ലാപ്പിണ കൂടരുത് എന്നത്രെ നമ്മെ പഠിപ്പിക്കുന്നത് (2 കൊരിന്ത്യർ 6:14-18).

10. എല്ലാവരിൽ നിന്നും മാറി പോകുന്നവർ പിൻമാറാൻ കാരണമായി തീരുന്നു: അവർ പരിവർത്തനം ചെയ്യ

പ്പെട്ട ശേഷം പലരേയും മാനസാന്തരത്തിലേക്കു തിരിച്ചിരിക്കയും ചെയ്തവരാകും. എന്നാൽ അവർ മറെറതെങ്കിലും സ്ഥലത്തേക്കു താമസം മാററിയാൽ അവർ ഒററപ്പെടുന്നു. അവർക്കു ആദ്യം ലഭിച്ച ഉത്തേജനം തുടർന്നു ലഭിക്കാതിരിക്കുന്നതുകൊണ്ടു അവരുടെ ആത്മീയത നിർവീര്യമാകുന്നു. അവർക്കു മററു സഹോദരങ്ങളുടെ താങ്ങു ലഭിക്കാതെ, ആരെയും ദൈവ വഴിയിലേക്കു തിരിക്കുവാൻ കഴിയാതെയും വന്നാൽ അവർ ബലഹീനരായി തളർന്നു പോകുന്നു. ചിലർ അങ്ങനെ ആകുന്നില്ല. പക്ഷേ പലർക്കും അങ്ങനെ സംഭവിക്കുന്നു. ഇതുപോലെ അനേകം കാരണങ്ങൾ എടുത്തു പറയുവാനുണ്ട്, എങ്ങനെയായാലും എന്തു സംഭവിച്ചാലും വീണു പോകുവാനോ ആത്മാവിനെ നഷ്ടപ്പെടുത്തുവാനോ അനുവദിക്കരുത്. അതു തീരാനഷ്ടവും വേദനയും നിത്യമായും ഉണ്ടാക്കും എന്നോർക്കുക.

★

**സ്ത്രീകൾക്കു വേണ്ടി**

# ഉപദ്രവിക്കപ്പെടുന്നത് നല്ലത്

**ആശാ സിദ്ധാർത്ഥൻ**

“അവൻ നമ്മെ സത്യവചനത്താൽ ജനിപ്പിച്ചിരിക്കുന്നു. അതിനാൽ നാം ദൈവത്തിന്റെ മക്കൾ എന്ന് അറിയപ്പെടുന്നു. ഇന്നോ നാളെയോ വരേണ്ട യേശുവിനായ് നാം ഒരുങ്ങിയിരിക്കുന്നു”. സ്വർഗ്ഗരാജ്യത്തിൽ പ്രവേശിക്കേണ്ട മനുഷ്യന് പല യോഗ്യതകളും വേദപുസ്തകം ഉപയോഗിക്കുന്നു. അതിൽ ഒന്ന് ദുഃഖം; ചില ഭാഗങ്ങളിൽ ഉപദ്രവം എന്നും പ്രസ്താവിച്ചിരിക്കുന്നു. ദുഃഖം മനസിന് അല്ലെങ്കിൽ ഹൃദയത്തിന് ഏർപ്പെടുന്ന ഒന്ന്. ഉപദ്രവം ശരീരത്തിനു ഏർപ്പെടുന്ന ഒന്ന്.

സ്വർഗരാജ്യത്തിന് ദുഃഖം ഒരുയോഗ്യതയായി കാണപ്പെടുന്നു. ഹൃദയം നുറുക്കിയ ഒരു അവസ്ഥ കൂടി സ്വർഗരാജ്യത്തിൽ പോകുന്ന മനുഷ്യന് ഒരു അഴകായി കാണിക്കുന്നു. യേശുക്രിസ്തു ഒരു ഉദാഹരണം പറയുന്നു ലൂക്കൊസ് 16:19-ൽ ധനവാനായ ഒരു മനുഷ്യനെയും ലാസർ എന്നു പേരുള്ള ഒരു ദരിദ്രനെയും കുറിച്ചു പറയുന്നു. രണ്ടുപേരും മരിച്ച് ലാസർ പറുദീസയിലും ധനവാൻ യാതനാസ്ഥലത്തും പോകുന്നു, അപ്പോൾ അബ്രഹാം ധനവാനോട് പറയുന്നത് (ലൂക്കൊസ് 16:25) മകനെ, നിന്റെ ആയുസിൽ നീ നന്മയും ലാസർ അവ്വണ്ണം തിന്മയും പ്രാപിച്ചു എന്ന് ഓർക്ക. പറുദീസയിൽ പോകാൻ കാരണമായിരുന്നത് ലാസർ തന്റെ ജീവിതകാലത്തിൽ ദുഃഖവും ഉപദ്രവവും അനുഭവിച്ചതിനാൽ ആണ് എന്നു തെളിയുന്നു. ദൈവേഷ്ടത്തിനായുള്ള ദുഃഖവും ഉപദ്രവവും ആണ് സഹിക്കേണ്ടത്.

പരലോക രാജ്യം പററുന്ന ഒരു മനുഷ്യൻ ഭൂമിയിൽ ദുഃഖം ഉള്ളവനായി ഇരിക്കുന്നു. ദുഃഖിക്കുന്നവർ തങ്ങളുടെ ദുഃഖത്താൽ ദൈവേഷ്ടത്തെ നിറവേററുന്നു. ദുഃഖിക്കുന്നവർ ദുഃഖത്തിലൂടെ തങ്ങളുടെ ജീവിതത്തിൽ പാഠങ്ങൾ പഠിക്കുന്നു. ദാവീദ് സങ്കീർത്തനങ്ങൾ 119:71-ൽ പറയുന്നു ‘‘നിന്റെ ചട്ടങ്ങളെ പഠിപ്പാൻ തക്കവണ്ണം ഞാൻ കഷ്ടതയിൽ ആയിരുന്നത് എനിക്ക് ഗുണമായി’’. എബ്രായർ 5:8-ൽ പുത്രൻ എങ്കിലും താൻ അനുഭവിച്ച കഷ്ടങ്ങളാൽ അനുസരണം പഠിച്ച് തികഞ്ഞവനായ് തന്നെ അനുസരിക്കുന്ന ഏവർക്കും നിത്യ രക്ഷയുടെ കാരണഭൂതനായി തീർന്നു’’. സഹോദരരെ, ജീവിതത്തിൽ ഉപദ്രവങ്ങൾ വരുമ്പോൾ നാം എന്ത് ചെയ്യുന്നു. ഉപദ്രവത്തെ കുറിച്ച് ഏത് വിധത്തിൽ ചിന്തിക്കുന്നു. നമുക്ക് വരുന്ന ഉപദ്രവങ്ങൾ ശരീരത്തിനുള്ളിലും ശരീരത്തിനു വെളിയിലും കാണപ്പെടുന്നു. നാം ചെയ്ത തെററുകളാലും ചെയ്യാത്ത തെററുകളാലും വരുന്നു. മററുള്ളവരാലും വരുന്നു, സാത്താ

നും കൊണ്ടുവരുന്നു. ഉപദ്രവം നിറഞ്ഞ കൺകൾ, ഉപദ്രവം നിറഞ്ഞ കാതുകൾ ഉപദ്രവം നിറഞ്ഞ ഹൃദയം ഉപദ്രവങ്ങളാൽ നിറഞ്ഞ മനുഷ്യൻ ഇങ്ങനെയുള്ള മനുഷ്യൻ തന്റെ ജീവിതത്തിൽ സ്വർഗരാജ്യം അരികെ ഇരിക്കുന്നത് കാണുന്നു.

1. ഓരോ ഉപദ്രവവും നാം നന്മയെ തിരഞ്ഞെടുക്കണമോ തിന്മയെ തിരഞ്ഞെടുക്കണമോ എന്ന് തീരുമാനത്തെ നമുക്ക് തരുന്നു. നമുക്ക് ഉപദ്രവം വരുന്നില്ലെങ്കിൽ നന്മ ഏത് തിന്മ ഏത് എന്ന് നാം അറിയാതെ പോകും.

ഇപ്പോഴോ, ശരിയായ കാര്യം തന്നെ നാം ചെയ്യണം, ദൈവത്തിന് പ്രിയമായിരിക്കുന്നതാണ് ശരിയായ വഴി എന്ന് ഉപദ്രവത്തിലൂടെ മനസ്സിലാക്കുന്നു. ഉപദ്രവം സഹിച്ചാൽ നന്മ അനുഭവിക്കാം. ഉപദ്രവിക്കപ്പെടുമ്പോൾ ക്ഷമയോടെ അത് നാം തരണം ചെയ്യണം. ചില സമയങ്ങളിൽ ഉപദ്രവിക്കപ്പെടുന്ന മനുഷ്യൻ പ്രശ്നങ്ങളെ വലുതാക്കി ചവറുപോലെ തന്റെ തലമേൽ കുന്നിക്കുന്നു. ആ ഉപദ്രവത്തിൽ നിന്ന് രക്ഷിക്കപ്പെടുന്നതിനായ് എതിർക്കുന്നു. ഉപദ്രവത്തെ സ്വന്ത ബുദ്ധിയാൽ തടുക്കാനുള്ള തയ്യാറെടുപ്പ് വീണ്ടും അധികം പ്രശ്നങ്ങളെ കൊണ്ടുവരുന്നു. അനേക കുടുംബങ്ങളിൽ ഇങ്ങനെതന്നെയാണ് നടക്കുന്നത്. ഉപദ്രവം വരുമ്പോൾ അതിനെ തലകീഴാക്കി പ്രശ്നത്തെ കുറയ്ക്കുന്നതിന് പകരം കൂട്ടുന്നതായി കാണാം. അതിനാൽ ഉപദ്രവം വരുമ്പോൾ ഉപദ്രവത്താൽ ദൈവഹിതത്തെ മനസ്സിലാക്കാം. ശരിയായ വഴിയിൽ നടക്കുന്നതിനായി നമ്മെ തന്നെ താഴ്ത്താം.

2. ഉപദ്രവങ്ങൾ വരാൻ പോകുന്ന വലിയ ആപത്തിനെ കുറിക്കുന്നു. നമുക്ക് ഉപദ്രവങ്ങൾ വരുമ്പോൾ അതിൽ തളർന്നുപോയി പ്രശ്നങ്ങളെ വലുതാക്കി നമ്മുടെ തലമേൽ അധികമായി വീഴ്ത്തുന്നു. അതിനാൽ ഉപദ്രവം വിചാരിക്കുന്നതിനെക്കാൾ വലുതായി വരുന്നു. അതി

നാൽ വരാൻ പോകുന്ന വലിയ ഉപദ്രവത്തെ താങ്ങുന്നതിനുള്ള ശക്തിയായ് നാം ഈ ചെറിയ ഉപദ്രവത്തെ കാണണം. വരാൻ പോകുന്ന വലിയ ഉപദ്രവത്തെ, ഇപ്പോൾ നേരിടുന്ന ചെറിയ ഉപദ്രവത്തിന്റെ അനുഭവത്താൽ തള്ളണം. സഭാപ്രസംഗി 11:9-ൽ പറയുന്നതുപോലെ "യൌവ്വനക്കാരാ, നിന്റെ യൌവനത്തിൽ സന്തോഷിക്ക; യൌവനകാലത്തിൽ നിന്റെ ഹൃദയം ആനന്ദിക്കട്ടെ നിനക്ക് ഇഷ്ടമുള്ള വഴികളിലും നിനക്കു ബോധിച്ചവണ്ണവും നടന്നുകൊൾക എന്നാൽ ഇവയൊക്കെയും നിമിത്തം ദൈവം നിന്നെ ന്യായവിസ്താരത്തിലേയ്ക്ക് വരുത്തും എന്നറിക. വരാൻ പോകുന്ന വലിയ ഉപദ്രവം എന്ത് എന്ന് യൌവനക്കാരൻ അറിയുന്നില്ല. അവൻ നടക്കുന്ന വഴിയെല്ലാം ശരിയെന്ന് അവന് തോന്നുന്നു. എന്നാൽ അവൻ പോകുന്നതോ തിന്മയായ പാതയിൽ. ഈ തിന്മയായ പാതയെ അവൻ അകററി നടന്നാൽ അവന് വരാൻ പോകുന്ന വലിയ ആപത്തിൽ നിന്ന് രക്ഷ നേടാൻ സാധിക്കും (2 കൊരിന്ത്യർ 5:10). അവനവൻ ശരീരത്തിൽ ഇരിക്കുമ്പോൾ ചെയ്തതു നല്ലതാകിലും തീയതാകിലും അതിനു തക്കവണ്ണം പ്രാപിക്കേണ്ടതിനു നാം എല്ലാവരും ക്രിസ്തുവിന്റെ ന്യായാസനത്തിന്റെ മുമ്പാകെ വെളിപ്പെടേണ്ടതാകുന്നു. ഇതാണ് വരാനുള്ള ആപത്ത്.

ദുഃഖങ്ങൾ, ഉപദ്രവങ്ങൾ വരും കാലത്തെ കാണിക്കുന്നു. നാം നീതിക്കായ്, സത്യത്തിനായ്, നന്മ ചെയ്യുന്നതിനാൽ ഉപദ്രവിക്കപ്പെടുന്നവരായിരുന്നാൽ, നാം ഭാഗ്യവാന്മാർ (ദുഃഖിക്കുന്നവർ ഭാഗ്യവാന്മാർ അവർ ആശ്വാസം കാണും). ഈ ആശ്വാസം നമുക്ക് സ്വർഗ്ഗ രാജ്യത്തിൽ ലഭിക്കുന്നു.

ഓരോ ഉപദ്രവവും നമ്മുടെ ഹൃദയത്തിൽ എത്തിയിരിക്കുന്നു എന്നു കാണിക്കുന്നു. ചില കുട്ടികൾ, തന്റെ അപ്പനും അമ്മയും വെളിയിൽ പോയി തിരിച്ച് വീട്ടിൽ വന്നു കയറുമ്പോൾ അവരുടെ ബാഗ് വാങ്ങി അതിൽ എന്തി

രിക്കുന്നു എന്ന് പരിശോധിക്കും. ഒന്നും ഇല്ല എന്ന് പറഞ്ഞാലും വിശ്വസിക്കയില്ല. എന്നാൽ ആശ്ചര്യമായ കാര്യം ചിലപ്പോൾ അവന് അതിൽ നിന്ന് ഒരു മിഠായി കിട്ടുന്നു. അപ്പനും അമ്മയ്ക്കും ആശ്ചര്യം ഞങ്ങൾ ഒന്നും വാങ്ങിയില്ല എന്ന്. എന്നാൽ കുട്ടികളോ എന്തെങ്കിലും കിട്ടുന്നതുവരെ ബാഗിൽ തപ്പിക്കൊണ്ടിരിക്കും. നമ്മുടെ ഹൃദയത്തിൽ എന്തിരിക്കുന്നു എന്ന് യഥാർത്ഥമായി അറിയണമെങ്കിൽ ഒരേ ഒരു വഴി നമുക്ക് വരുന്ന ഉപദ്രവത്തിലൂടെ തന്നെ. ഓരോ ഉപദ്രവവും നമ്മുടെ ഹൃദയത്തിൽ എന്ത് മറഞ്ഞിരിക്കുന്നു എന്നതു വെളിപ്പെടുത്തുന്നു. ഹൃദയം ഒരു ബാഗ്മാതിരിയാണ്. നാം അനുഭവിക്കുന്ന ഓരോ ഉപദ്രവവും അതിൽ ഇരിക്കുന്നു. ഇയ്യോബ് 1:20-ൽ ഇയ്യോബിന് ഉപദ്രവം വന്നപ്പോൾ അവൻ മനസ്സിലാക്കിയത് നഗ്നനായി ഞാൻ എന്റെ അമ്മയുടെ ഗർഭത്തിൽ നിന്ന് പുറപ്പെട്ടുവന്നു നഗ്നനായി തന്നെ മടങ്ങിപ്പോകും. ഇയ്യോബ് 2:9, 10-ൽ അവന്റെ ഭാര്യയ്ക്ക് അവൻ കഷ്ടപ്പെടുന്നത് സഹിക്കുന്നില്ല. അവനോടു ദൈവത്തെ ദുഷിച്ച് മരിച്ച് പോക എന്നു പറയുന്നു. എന്നാൽ ആ കഷ്ടം അവന്റെ ഹൃദയം വെളിപ്പെടുത്തുന്നത് നാം ദൈവത്തിന്റെ കൈയ്യിൽ നിന്ന് നന്മകളെ കൈക്കൊള്ളുമ്പോൾ തിന്മയും കൈക്കൊള്ളരുതോ എന്ന്. അതിനാൽ ഉപദ്രവം അനുഭവിക്കേണ്ടത് ആവശ്യം (1 പത്രൊസ് 1:6,7).

നമുക്ക് ഉപദ്രവങ്ങൾ മററുള്ളവരുടെ മുന്നിൽ അപമാനിക്കപ്പെടുന്ന രീതിയിൽ വരും. അപ്പോൾ നാം അതു കേൾക്കാത്തവരെപ്പോലെയും കാണാത്തവരെപ്പോലെയും പോകണം. ശൗലിനു ഉപദ്രവം വന്നപ്പോൾ കാത് കേൾക്കാത്തവനെപ്പോലെയും കണ്ണു കാണാത്തവനെപ്പോലെയും ഇരുന്നു (1 ശമുവേൽ 10:27).

(ശേഷം അടുത്ത ലക്കത്തിൽ)

★

# രക്ഷയും മഹത്തായ ആജ്ഞയും

റോഡ് റുതർഫോർഡ്

## പ്രധാനപ്പെട്ട ഒരു ചോദ്യം

ഈ ലോകത്തിൽ ജീവിക്കുന്ന മനുഷ്യർക്കിടയിലെ പ്രമുഖമായ ഒരു ചോദ്യമാണ് ''രക്ഷിക്കപ്പെടുവാൻ എന്തു ചെയ്യണം'' എന്നതു. ഈ ചോദ്യത്തിനു കണ്ടെത്തുന്ന ഉത്തരം വ്യക്തമാക്കുന്ന ഒന്നുണ്ട്. ആ വ്യക്തി തന്റെ നിത്യത സ്വർഗ്ഗത്തിലോ അതോ നരകത്തിലോ ചെലവിടും എന്നു കാണിക്കുന്നു. യേശു, സ്വർഗ്ഗാരോഹണം ചെയ്യുന്നതിനു മുൻപ് തന്റെ ശിഷ്യൻമാർക്കു നല്കിയ അവസാന ചട്ടങ്ങളിൽ ഈ ചോദ്യത്തിനുള്ള ഉത്തരം നല്കുന്നുണ്ട്. അത് ഏവർക്കും മനസ്സിലാകും വിധം ലളിതവും സ്പഷ്ടവും ആണ്. ഈ മഹത്തായ ആജ്ഞയെ പരാമർശിക്കുന്ന മൂന്നു വേദഭാഗങ്ങൾ പരിശോധിച്ച് നിത്യജീവൻ പ്രാപിക്കാൻ ഒരാൾ എന്തു ചെയ്യണമെന്നു നമുക്കു ഉറപ്പു വരുത്താം.

## മനുഷ്യൻ പാപം ചെയ്തു

തിരുവെഴുത്തു പറയുന്നതു എല്ലാവരും പാപം ചെയ്തു ദൈവതേജസ്സ് ഇല്ലാത്തവരായി തീർന്നു എന്നത്രേ (റോമർ 3:23). ദൈവ നിയമപ്രകാരം പാപത്തിന്റെ ശമ്പളം മരണമാണ്. ദൈവത്തിൽ നിന്നും എന്നേക്കുമുള്ള വേർപാടാണ് അന്തിമമായ ശിക്ഷ. നരകമെന്നും നിത്യാഗ്നി എന്നും രണ്ടാം മരണമെന്നും ആ സ്ഥലത്തെ കുറിച്ച് പറയുന്നു (മത്തായി 25:41-46; വെളിപ്പാട് 21:8).

## ദൈവകൃപ

പാപം ചെയ്തിട്ടു പോലും മനുഷ്യരെ ദൈവം സ്

നേഹിച്ചു. ഈ ശിക്ഷാവിധിയിൽ നിന്നു മനുഷ്യരെ മോചിപ്പിക്കുവാൻ ദൈവം ആഗ്രഹിക്കുന്നു. അതിനായി ദൈവനീതി നിലനിർത്തിക്കൊണ്ടു അവൻ നമുക്ക് ഒരു രക്ഷാപദ്ധതി ഒരുക്കി തീർത്തു. ദൈവത്തിന്റെ കരുണയെ നമുക്ക് ഈ പദ്ധതിയിൽ കാണാം. തന്റെ ഏകജാതനായ പുത്രനിൽ വിശ്വസിക്കുന്ന ഏവനും നിത്യജീവൻ പ്രാപിക്കുവാൻ തക്കവണ്ണം അവൻ ലോകത്തെ സ്നേഹിച്ചു (യോഹന്നാൻ 3:16). മനുഷ്യർക്കു അതിനു തക്ക യോഗ്യതയുണ്ടായിട്ടല്ല. എന്നാൽ ദൈവത്തിന്റെ കൃപയും സ്നേഹവും കരുണയും ആണ് ഇതിനു വഴി തെളിച്ചതു. "കൃപയാലല്ലോ നിങ്ങൾ വിശ്വാസം മൂലം രക്ഷിക്കപ്പെട്ടിരിക്കുന്നത്; അതിനും നിങ്ങൾ കാരണമല്ല; ദൈവത്തിന്റെ ദാനമത്രെയാകുന്നു. ആരും പ്രശംസിക്കാതിരിപ്പാൻ പ്രവൃത്തികളും കാരണമല്ല; നാം അവന്റെ കൈപ്പണിയായി സൽപ്രവൃത്തികൾക്കായിട്ടു ക്രിസ്തു യേശുവിൽ സൃഷ്ടിക്കപ്പെട്ടവരാകുന്നു; നാം ചെയ്തു പോരേണ്ടതിനു ദൈവം അവ മുന്നൊരുക്കിയിരിക്കുന്നു (എഫെസ്യർ 2:8-10). മനുഷ്യന്റെ രക്ഷക്കായി അവനിൽ യാതൊരു നീതി പ്രവൃത്തികളും യോഗ്യമായിട്ടല്ല. ദൈവത്തിന്റെ കൃപയാലാണ് ദൈവം നമ്മെ രക്ഷിക്കുന്നത് (തീത്തൊസ് 3:4-7).

## ക്രിസ്തുവിന്റെ മരണം

മനുഷ്യരുടെ പാപങ്ങൾ വഹിച്ചുകൊണ്ടു യേശു ഒരു പാപയാഗമായി മരണത്തെ സ്വീകരിച്ചു. യേശുക്രിസ്തുവിന്റെ മരണം, അടക്കം, ഉയിർത്തെഴുന്നേല്പ് എന്നിവയാണ് സുവിശേഷത്തിന്റെ അടിസ്ഥാനം. യേശു മരിച്ചില്ലായിരുന്നെങ്കിൽ നമ്മുടെ പാപങ്ങൾ ഇന്നും നിലനില്ക്കുമായിരുന്നു. അതുകൊണ്ട് ശിക്ഷയും നീങ്ങിപ്പോകുമായിരുന്നില്ല (1കൊരിന്ത്യർ 15:1-4; 2കൊരിന്ത്യർ 5:19-21). രക്ഷ പ്രാപിക്കുവാനുള്ള ഏക പ്രത്യാശ ക്രിസ്തുവാണ്. നമ്മുടെ ഏക രക്ഷിതാവു കർത്താവാണ്.

ദൈവത്തിലേക്കു പ്രവേശിക്കുവാനുള്ള ഏകവഴി കർത്താവാണ്. നിത്യജീവൻ ലഭിക്കുവാനുള്ള മാർഗ്ഗവും മറ്റൊന്നല്ല (യോഹന്നാൻ 8:24; 14:6). മനുഷ്യരെ രക്ഷിക്കുവാൻ വേണ്ടിയാണ് ഈ പദ്ധതി രൂപപ്പെടുത്തിയത്. സുവിശേഷം സർവ്വ ലോകത്തിലും പ്രസംഗിക്കണം എന്നു കല്പിച്ചതും അതുകൊണ്ടാണ്. ആരും നശിച്ചു പോകുന്നത് ദൈവത്തിനു ഇഷ്ടമല്ല.

## പാപികൾ കേൾക്കണം

ദൈവകൃപയാൽ രൂപപ്പെടുത്തിയ ഈ രക്ഷ എത്രപേർ സ്വീകരിക്കുന്നു എന്ന ചോദ്യം ഉയർന്നേക്കാം. ബൈബിൾ വ്യക്തമായി തുറന്നു സംസാരിക്കുന്നുണ്ട്. യജമാനനായ കർത്താവ്, തന്റെ മരണം അടക്കം ഉയിർപ്പ് എന്നിവകൾക്കു ശേഷം തന്റെ ശിഷ്യന്മാർക്കു നല്കുന്ന നിർദ്ദേശം ആണ് നാം മുൻപ് കണ്ടത്. മതപരമായ അധികാരം യേശുക്രിസ്തുവിൽ നിലനില്ക്കുന്നു എന്നതു പ്രാധാന്യമർഹിക്കുന്നു. അതുകൊണ്ടു അവന്റെ ഉപദേശമാണ് കേൾക്കേണ്ടത്. മനുഷ്യരുടെ ഉപദേശങ്ങൾ കേൾക്കാതെ ക്രിസ്തുവിന്റെ ഉപദേശങ്ങൾ കേട്ട് അനുസരിക്കണം.

## പഠിച്ച് സ്നാനം ഏല്ക്കണം

ദൈവവചനം ഓരോരുത്തരും പഠിക്കണം. വായനയും പ്രബോധനവും അതിനാവശ്യമാണ്. പരിജ്ഞാനത്തിൽ വളരണം. എന്നാൽ മാത്രമേ വചന പരിജ്ഞാനം പ്രാപിച്ചവർക്കാണ് സ്നാനം ആവശ്യം. ക്രിസ്ത്യാനിത്വം പാലിക്കപ്പെടേണ്ട മതമാണ്. "ദൈവേഷ്ടം എന്തെന്നു തിരിച്ചറിയുവാൻ ഈ പ്രാപ്തി കൂടിയേ തീരൂ. ക്രിസ്തുവിന്റെ വചനം കേൾക്കുകയും തൽഫലമായി അവനിൽ വിശ്വസിക്കുകയും വേണം. തുടർന്നു അവന്റെ വചനത്തിൽ വേരൂന്നി വളരണം. സുവിശേഷം സകല സൃഷ്ടിയോടും പ്രസംഗി

പ്പാൻ പറഞ്ഞതിന്റെ കാരണം അതാണ്. സത്യം എന്തെന്നു ആളുകൾ ഗ്രഹിക്കണം. പൂർണ്ണ ബോധ്യം വന്നിട്ടു വേണം ഒരാൾ ദൈവത്തെ അനുസരിക്കുവാൻ. വിശ്വസിക്കയും സ്നാനം ഏല്ക്കുകയും ചെയ്യുന്നവൻ രക്ഷിക്കപ്പെടും (മർക്കൊസ് 16:16).

## യേശുക്രിസ്തു പറയാത്തത് എന്ത്?

വിശ്വസിക്കുന്നവൻ രക്ഷിക്കപ്പെട്ടു സ്നാനമേല്ക്കുവാൻ കർത്താവു പറഞ്ഞിട്ടില്ല. ഇന്നു പലരും പറയുന്നതും ചെയ്യുന്നതും ഇങ്ങനെയാണ് എന്നത് ദുഃഖത്തോടെ അറിയിക്കട്ടെ. ശിശുക്കളെ സ്നാനപ്പെടുത്താൻ കർത്താവ് കല്പിച്ചിട്ടില്ല; അവർക്കു ദൈവരാജ്യത്തിൽ പ്രവേശനം ഉണ്ട്. വെള്ളം കോരിഒഴിച്ചു സ്നാനപ്പെടുത്താൻ കർത്താവ് പറഞ്ഞിട്ടില്ല. വെള്ളം തളിച്ചു സ്നാനപ്പെടുത്താനും ക്രിസ്തു പറഞ്ഞിട്ടില്ല. കൊടിക്കീഴിൽ സ്നാനപ്പെടുത്താനും യേശു പഠിപ്പിച്ചിട്ടില്ല. മറിച്ച് സ്നാനം അടക്കമായിട്ടാണ് തിരുവെഴുത്ത് വെളിപ്പെടുത്തുന്നത്. വിശ്വസിക്കയും സ്നാനം ഏല്ക്കാതിരിക്കയും ചെയ്യുന്നവൻ രക്ഷിക്കപ്പെടും എന്നു കർത്താവ് പറഞ്ഞിട്ടില്ല.

## മാനസാന്തരവും പാപമോചനവും

മാനസാന്തരവും പാപമോചനവും പ്രസംഗിക്കപ്പെടണം എന്നതാണ് ദൈവേഷ്ടം (ലൂക്കൊസ് 24:46-47). തിരുവെഴുത്തു മനസിലാക്കി വേണം എല്ലാവരും മാനസാന്തരപ്പെടുവാൻ. പാപമോചനത്തിനു ദൈവം കല്പിച്ചിരിക്കുന്ന പ്രമാണമാണ് അനുസരിക്കേണ്ടത്. മാനസാന്തരപ്പെട്ടു സ്നാനമേല്ക്കുന്നവർക്കാണ് പാപമോചനം വാഗ്ദാനം ചെയ്തിരിക്കുന്നത്. മററുള്ളവർ എന്തു പറയുന്നുവെന്നോ എന്തു ചെയ്യുന്നുവെന്നോ നാം നോക്കേണ്ട കാര്യമില്ല.

★

# ആരാണ് ക്രിസ്ത്യാനി?

യാർബറോ ലേയി

ഈ ചോദ്യത്തിനു പൊതുവിൽ കിട്ടുന്ന ഉത്തരങ്ങൾ വിവിധവും ധാരാളവുമായിരിക്കും. വിദ്യാഭ്യാസം ലഭിച്ചവർക്കിടയിലും വിവിധ നാമധേയ വിഭാഗങ്ങളിലെ മതാദ്ധ്യക്ഷന്മാർക്കിടയിലും ഒരു ശരിയായ ഉത്തരം കണ്ടെത്തുക എന്നതു പ്രയാസകരമായ ഒന്നാണ്. ഒരാൾ നല്കുന്ന ഉത്തരത്തിൽ നിന്നും വ്യത്യസ്തമായിരിക്കും മറ്റൊരാളുടേത്. ഇവയെല്ലാം വിരൽ ചൂണ്ടുന്ന ഒരു പ്രധാന കാര്യമുണ്ട്. ക്രിസ്തുവിലുള്ള വിശ്വാസത്തിന്റെ ആധികാരികത വിശുദ്ധ തിരുവെഴുത്തിൽ അധിഷ്ഠിതമായിരിക്കുന്നു എന്നതാണ് അത്. ഏതൊരു ചോദ്യത്തിനും വ്യക്തവും സത്യവുമായ ഉത്തരം ബൈബിളിൽ തന്നെയാണ് ഉള്ളത്. ആരാണ് ക്രിസ്ത്യാനി എന്ന ചോദ്യത്തിനു ശരിയായ ഉത്തരം കണ്ടെത്തുവാൻ നമുക്കു പുതിയ നിയമത്തിലെ ഏതാനും വേദഭാഗങ്ങൾ പരിശോധിക്കാം.

## ക്രിസ്ത്യാനി ഒരു ശിഷ്യനാണ്

ഉയിർത്തെഴുന്നേറ്റ ക്രിസ്തു തന്റെ ശിഷ്യന്മാർക്കു കൊടുക്കുന്ന മഹത്തായ ആജ്ഞ ശ്രദ്ധിക്കുക. “ആകയാൽ നിങ്ങൾ പുറപ്പെട്ടു പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ സ്നാനം കഴിപ്പിച്ചും ഞാൻ നിങ്ങളോടു കല്പിച്ചതു ഒക്കെയും പ്രമാണിപ്പാൻ തക്കവണ്ണം ഉപദേശിച്ചും കൊണ്ടു സകല ജാതികളെയും ശിഷ്യരാക്കി കൊൾവിൻ; ഞാനോ ലോകാവസാനത്തോളം എല്ലാ നാളും നിങ്ങളോടുകൂടെ ഉണ്ടു എന്നു അരുളിച്ചെയ്തു.” (മത്തായി 28:19-20). ഈ തിരുവെഴുത്തിൽ നിന്നും ഒരാൾ ക്രിസ്തുവിന്റെ സുവിശേഷത്താൽ നയിക്കപ്പെട്ട് കർത്താവിന്റെ പിൻഗാമിയായി തീരണം എന്നു നാം മനസ്സി

ലാക്കുന്നു. ആ ബോധ്യം ഉറപ്പു വരുത്തിയാൽ തുടർന്നു ഏല്ക്കേണ്ട ഒരു കല്പനയാണ് സ്നാനം. പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിലാണ് അത് നടത്തേണ്ടത്. ദൈവത്തോടുള്ള അനുസരണം ആണ് ഇതിൽ കൂടെ തെളിയുന്നത്.

ശിഷ്യന്മാർക്കാണ് അന്ത്യോക്യയിൽ വെച്ച് ആദ്യം ക്രിസ്ത്യാനികൾ എന്നു പേരുണ്ടായത്. ഒരു ശിഷ്യൻ എന്നതും ഒരു ക്രിസ്ത്യാനി എന്നതും പരസ്പരം യോജിച്ചു നില്ക്കുന്ന രണ്ടു പദങ്ങളാണ്. ക്രിസ്തുവിന്റെ ശിഷ്യനായി തീരാത്ത ഒരാൾക്കു ക്രിസ്ത്യാനി എന്നു പറയാൻ പററുകയില്ല. ശിഷ്യൻ എന്നു പറഞ്ഞാൽ പഠിക്കുന്നവൻ എന്നാണ്. ക്രിസ്തുവിന്റെ ഉപദേശം പഠിച്ച് അനുസരിക്കാതെ ആർക്കും അവന്റെ ശിഷ്യനാകാൻ കഴിയുകയില്ല.

## ശിഷ്യത്വത്തെ സംബന്ധിച്ച് മറെറന്തെങ്കിലും സൂചനകൾ?

യേശു ഈ ഭൂമിയിൽ ആയിരുന്നപ്പോൾ തന്റെ വചനങ്ങൾ പ്രമാണിക്കുന്നതിനെ പററി സംസാരിക്കുമ്പോൾ പറഞ്ഞതായ പ്രസ്താവന വായിക്കുക. തന്നിൽ വിശ്വസിച്ച യെഹൂദന്മാരോടു യേശു: എന്റെ വചനത്തിൽ നിലനില്ക്കുന്നു എങ്കിൽ നിങ്ങൾ വാസ്തവമായി എന്റെ ശിഷ്യന്മാരായി, സത്യം അറികയും സത്യം നിങ്ങളെ സ്വതന്ത്രന്മാരാക്കുകയും ചെയ്യും എന്നു പറഞ്ഞു (യോഹന്നാൻ 8: 31-32). കർത്താവിന്റെ വചനത്തിൽ നിലനില്ക്കുന്നവനാണ് വാസ്തവത്തിൽ അവന്റെ ശിഷ്യൻ. യേശു ക്രിസ്തു പറഞ്ഞ സ്വാതന്ത്ര്യം എന്താണെന്നു അവർക്കു മനസിലായില്ല. അത് വിശദീകരിച്ചു കൊടുക്കുന്നത് നോക്കുക. അതിനു യേശു: ആമേൻ, ആമേൻ ഞാൻ നിങ്ങളോടു പറയുന്നു: പാപം ചെയ്യുന്നവൻ എല്ലാം പാപത്തിന്റെ

ദാസൻ ആകുന്നു. ദാസൻ എന്നേക്കും വീട്ടിൽ വസിക്കുന്നില്ല. പുത്രനോ എന്നേക്കും വസിക്കുന്നു. പുത്രൻ നിങ്ങൾക്കു സ്വാതന്ത്ര്യം വരുത്തിയാൽ നിങ്ങൾ സാക്ഷാൽ സ്വതന്ത്രർ ആകും (യോഹന്നാൻ 8:34-36). അപ്പോൾ ഒരാൾ ക്രിസ്തുവിന്റെ വചനം കേട്ടു വിശ്വസിക്ക മാത്രം പോരാ. തുടർച്ചയായി അവന്റെ ഉപദേശത്തിൽ നിലനിൽക്കണം. പാപത്തിന്റെ അടിമത്വത്തിൽ നിന്നും മനുഷ്യരെ സ്വതന്ത്രരാക്കാൻ ക്രിസ്തുവിനു മാത്രമെ കഴിയുകയുള്ളു. എന്നേക്കും ദൈവ ഭവനത്തിൽ വസിക്കുന്നവനാണ് ഒരു ക്രിസ്ത്യാനി.

യേശു തന്റെ വ്യക്തിഗത സുവിശേഷ പ്രവർത്തനങ്ങളിൽ നല്കിയ സന്ദേശങ്ങൾ എല്ലാം ജനങ്ങൾക്കിടയിൽ ഒരു ആത്മീയ വെല്ലുവിളി ഉയർത്തി എന്നതിനു സംശയമില്ല. സുവിശേഷങ്ങളിൽ രേഖപ്പെടുത്തിയിട്ടുള്ള പ്രസ്താവനകൾ ഹൃദയങ്ങളിൽ ആഴമായി പതിയുന്നുണ്ട്. ലൂക്കൊസിന്റെ വിവരണം നമ്മുടെ വിഷയത്തെ കുറിച്ചുള്ള വെളിച്ചം പകരുന്നുണ്ട്. "എന്റെ അടുക്കൽ വരികയും അപ്പനെയും അമ്മയെയും ഭാര്യയെയും മക്കളെയും സഹോദരന്മാരെയും സഹോദരികളെയും സ്വന്ത ജീവനെയും കൂടെ പകെക്കാതിരിക്കയും ചെയ്യുന്നവന് എന്റെ ശിഷ്യനായിരിപ്പാൻ കഴികയില്ല. തന്റെ ക്രൂശു എടുത്തുകൊണ്ടു എന്റെ പിന്നാലെ വരാത്തവനും ശിഷ്യനായിരിപ്പാൻ കഴികയില്ല (ലൂക്കൊസ് 14:26-27). ആ അദ്ധ്യായത്തിൽ താഴോട്ടു പ്രതിപാദിച്ചിരിക്കുന്ന സന്ദർഭം പരിശോധിച്ചാൽ ക്രൂശു വഹിക്കുക എന്നു പറഞ്ഞാൽ: കഷ്ടത സഹിക്കുക എന്നതാണ്; ക്രിസ്തു നിമിത്തം ഭൗതികമായ ബന്ധങ്ങളും ശാരീരിക ജീവിതവും ഉപേക്ഷിക്കേണ്ടി വന്നാൽ അതിനു തയ്യാറാകണം എന്നതാണ്.

## ക്രിസ്തുവിന്റെ രക്തത്താൽ ശുദ്ധീകരണം ലഭിച്ചവനാണ് ക്രിസ്ത്യാനി

കർത്താവിന്റെ അത്താഴത്തെ സംബന്ധിച്ചു വിവരി

ക്കുമ്പോൾ പാനപാത്രത്തെ എടുത്തുകൊണ്ടു കർത്താവു പറഞ്ഞത്: "ഇതു അനേകർക്കു വേണ്ടി പാപമോചനത്തിനായി ചൊരിയുന്ന പുതിയ നിയമത്തിനുള്ള എന്റെ രക്തം എന്നത്രെ (മത്തായി 26:28). അപ്പൊസ്തലനായിരുന്ന പൌലൊസ് രേഖപ്പെടുത്തിയത്: അവനിൽ നമുക്ക് അവന്റെ രക്തത്താൽ അതിക്രമങ്ങളുടെ മോചനമെന്ന വീണ്ടെടുപ്പ് ഉണ്ട് എന്നാണ് (എഫെസ്യർ 1:7). അവൻ വെളിച്ചത്തിൽ ഇരിക്കുന്നതു പോലെ നാം വെളിച്ചത്തിൽ നടക്കുന്നുവെങ്കിൽ നമുക്ക് തമ്മിൽ കൂട്ടായ്മ ഉണ്ട്. അവന്റെ പുത്രനായ യേശുവിന്റെ രക്തം സകല പാപവും പോക്കി നമ്മെ ശുദ്ധീകരിക്കുന്നു (1 യോഹന്നാൻ 1:7). പുതിയ നിയമത്തെ സ്ഥിരീകരിച്ചിരിക്കുന്നത് ജീവനുള്ള രക്തത്താലത്രേ. യേശുക്രിസ്തുവിന്റെ രക്തത്താലാണ് ആളുകളെ ശുദ്ധീകരിക്കുന്നത്. അതായത് ഒരു പാപി ദൈവത്താൽ അംഗീകരിക്കപ്പെടുന്നതിന് യേശുവിന്റെ രക്തം അനിവാര്യമാണ്. യേശുവിന്റെ രക്തവുമായി ബന്ധപ്പെടാതെ ആർക്കും ക്രിസ്ത്യാനിയായി തീരുവാൻ സാദ്ധ്യമല്ല. അങ്ങനെ ക്രിസ്ത്യാനിയായി തീർന്നശേഷവും ആ വ്യക്തിക്കു കർത്താവിന്റെ രക്തം ആവശ്യമാണ്. ആത്മാക്കളുടെ വീണ്ടെടുപ്പിൻ വിലയാണ് യേശുവിൻ രക്തം (എഫെസ്യർ 1:14; പ്രവൃത്തി 20:28).

എന്നാൽ ഈ വിശുദ്ധീകരണം പ്രാപിക്കുവാൻ നാം എന്താണ് ചെയ്യേണ്ടത്? പുതിയ നിയമ കാലയളവിൽ ആദ്യമായി സുവിശേഷം പ്രസംഗിച്ചതു കേട്ടവരിൽ പാപബോധം ഉണർന്നു. തങ്ങൾ ഇനി എന്താണ് ചെയ്യേണ്ടത് എന്ന് ചോദിച്ചു (പ്രവൃത്തി 2:37). അവരുടെ തെറ്റിനു പരിഹാരമെന്തെന്ന് ആരാഞ്ഞു. അതിനു പത്രൊസും ശേഷം അപ്പൊസ്തലൻമാരും നിങ്ങൾ ഓരോരുത്തരും മാനസാന്തരപ്പെട്ട് നിങ്ങളുടെ പാപമോചനത്തിനായി യേശുക്രിസ്തുവിന്റെ നാമത്തിൽ സ്നാനമേല്പിൻ

★

കവിത

# നീതി

## E.K. കൊച്ചുകുഞ്ഞ്, തേപ്പുപാറ

വഞ്ചകക്കൂട്ടത്തെ കണ്ടുമുഷിയാതെ,
നീതികേടുള്ളവൻ നമ്മോടടുക്കുമേ.
അസൂയവേണ്ട നമുക്കൊരുപോംവഴി,
ഉണ്ടെന്നു നിശ്ചയം നന്നായറിയണേ.

പുല്ലും ചെടിയും ഉണങ്ങിയും വാടിയും,
പെട്ടെന്നു നാശം ഭവിക്കും പോലാകുമേ.
ആശ്രയം ഉണ്ടെങ്കിൽ കർത്താവിലെപ്പോഴും,
നന്മനടത്തുക സത്യം പരത്തുക.

നിൻവഴി ഏതെന്നു കണ്ടറിഞ്ഞീടുക,
യാഹിൽ ഇരിക്കുക യാഹു നടത്തുമേ.
നീതിയും ന്യായവും രാത്രിപകലുപോൽ,
വെള്ളിവിളങ്ങുമേ നിശ്ചയം അന്നേടോ.

കല്ലിനു തുല്യമായ് ഉള്ളൊരു ജീവിതം,
തല്ലിതകർക്കും ദയയെന്നവാക്കിനാൽ.
കോപം കളഞ്ഞു സമനായിരിക്കുക,
ദ്വേഷ്യം വെറുത്തു കളയുക സോദരാ.

അല്പം കഴിഞ്ഞാൽ പിന്നില്ലൊരു ദുഷ്ടനും,
കഷ്ടപ്പെടുത്തുന്ന കള്ളനും പാപിയും.
സൗമ്യതയുള്ളവൻ ഭൂമിയിൽ വാഴുമേ,
സമാധാനദൂതന്റെ സാക്ഷ്യം പറയുമേ,

നീതിമാനായുള്ള മാനവജാതിയെ,
കഷ്ടത്തിലാക്കുന്ന ദുഷ്ടപിശാചിനെ.
കണ്ടുരസിക്കുമേ കർത്താവുമന്നേരം
നേരുവരുന്നെന്നു വേദം പറയുന്നു.

★

# ഞാനല്ലാതെ അന്യദൈവങ്ങൾ നിനക്ക് ഉണ്ടാകരുത്

W.A. ഹോളെ

പുറപ്പാടു പുസ്തകം 20-ാം അദ്ധ്യായം ഒന്നു മുതൽ 17 വരെയുള്ള വേദഭാഗങ്ങൾ വായിക്കുവാൻ ഞങ്ങൾ ആത്മാർത്ഥമായി ആവശ്യപ്പെടുകയാണ്. ഈ വാക്യങ്ങളിൽ വിഗ്രഹാരാധനയെ നിശിതമായി വിലക്കിയിരിക്കയാണ്. ചില കാരണങ്ങളാൽ മനുഷ്യർ എപ്പോഴും ദൈവഹിതത്തോടു മത്സരിക്കുന്നു (റോമർ 1:18-32). ഈ ഭാഗത്തു ജാതികൾ ദൈവത്തെ കൂടാതെ ജീവിക്കുകയാണ്. അവരുടെ പരിതാപകരമായ അവസ്ഥയിൽ നമുക്കു ദുഃഖം തോന്നും.

ഇസ്രായേൽ ജനത്തെ ദൈവം കനാൻ ദേശത്തേക്കു കൊണ്ടുപോയി. അവർ അവിടെ പ്രവേശിച്ചപ്പോൾ വിഗ്രഹങ്ങളെ സേവിച്ചിരുന്ന ഗോത്രങ്ങളെ മുദ്ര കുത്തി വേർതിരിക്കാൻ ആവശ്യപ്പെടുന്നു. പിന്നീടു ദൈവം പറയുന്നതു കേൾക്കുക: ദേശത്തിലെ നിവാസികളെ നിങ്ങളുടെ മുമ്പിൽ നിന്നു നീക്കി കളഞ്ഞു, അവരുടെ വിഗ്രഹങ്ങളെയും ബിംബങ്ങളെയും എല്ലാം തകർത്തു അവരുടെ സകല പൂജാഗിരികളെയും നശിപ്പിച്ചു കളയേണം (സംഖ്യാപുസ്തകം 23:52).

ദൈവം ഇത്ര കർശനമായ നിയമവും ചട്ടവും ഏർപ്പെടുത്തിയിട്ടുപോലും വളരെ നാളുകൾ കഴിയുന്നതിനു മുൻപു തന്നെ ഇസ്രായേൽ ജനം വിഗ്രഹങ്ങളിലേക്കു തിരിയുന്ന സ്ഥിതി കാണാം. ഈ വസ്തുതകൾ അറിയണമെങ്കിൽ ഒരാൾ പഴയനിയമം ശരിക്കു വായിക്കണം. അനേക രാജാക്കന്മാർ അവരുടെ പ്രജകളെ നിർബ്ബന്ധിച്ച് വിഗ്രഹങ്ങളെ നമസ്ക്കരിക്കാൻ കല്പിക്കുന്നുണ്ട്. വിരലിലെ

ണ്ടാവുന്ന ചിലർ ധൈര്യത്തോടെ ദൈവേഷ്ടത്തിൽ തന്നെ നിലനിന്നു എന്നതു പ്രാധാന്യമർഹിക്കുന്ന സംഭവമാണ്.

അന്യദേവൻമാരെ വീണു വണങ്ങിയ ധാരാളം എബ്രായരെ പറ്റി നാം വായിക്കുന്നുണ്ട്. അശേരാ പ്രതിഷ്ഠകളിലേക്കു തിരിഞ്ഞവർ, ബാൽ വിഗ്രഹങ്ങളെ സേവിച്ചവർ ചില ദേവതമാരുടെ പേരിലുള്ള വിഗ്രഹങ്ങൾക്കു മുൻപിൽ ഏതാനും പേർ അവരുടെ മക്കളെ ബലി കഴിക്കപോലും ചെയ്തിട്ടുണ്ട്.

ഗ്രീക്കുകാർക്കും പല ദേവൻമാരും ദേവീമാരും ഉണ്ടായിരുന്നു, വീഞ്ഞിന്റെ, സൂര്യന്റെ, സംഗീതത്തിന്റെ, നക്ഷത്രത്തിന്റെ, പ്രകൃതി വസ്തുക്കളുടെ പ്രത്യുൽപാദനത്തിന്റെ പേരിൽ എല്ലാം അവ അറിയപ്പെട്ടിരുന്നു. സ്നേഹത്തിന്റേയും സൗന്ദര്യത്തിന്റേയും ദേവൻമാർ അവർക്കുണ്ടായിരുന്നു. ഇത്രയും പറഞ്ഞതിൽ നിന്നും അവരുടെ വിഗ്രഹങ്ങളുടെ സങ്കീർണ്ണത നമുക്ക് ഊഹിക്കാവുന്നതേയുള്ളു. മനുഷ്യരുടെ സങ്കല്പങ്ങളിൽ നിന്നു രൂപപ്പെടുത്താവുന്ന എന്തിനേയും അവർ ബിംബങ്ങളാക്കി. അന്ധരായ ആളുകൾ അവയെ ദൈവമെന്നു കരുതി പൂജിച്ചു.

നാം വിചാരിക്കുന്നതുപോലെ വാസ്തവത്തിൽ വിഗ്രഹങ്ങളിൽ നിന്നും നാം അകലേണ്ടതുപോലെ അകന്നിട്ടുണ്ടോ എന്ന ചോദ്യം ഉയരുന്നു. ബിംബങ്ങൾ മനുഷ്യരെ ദുഷിപ്പിക്കും എന്നു നമുക്കറിയാം. വേറൊരു കാര്യം നാം മറന്നു പോകാനിടയാകരുത്. അതെന്തെന്നാൽ അവർ എന്തിനെ ആരാധിക്കുന്നുവോ അതിനെ പോലെ ആയിതീരുന്നു. ജീവനുള്ള ദൈവത്തെ ആരാധിക്കുന്നവർ അവനെ പോലെയും ജീവനില്ലാത്തവയെ ആരാധിക്കുന്നവർ അവയെ പോലെയും ആകുന്നു.

ആധുനിക യുഗത്തിലെ വിഗ്രഹങ്ങൾ ഏതൊക്കെയാണ്? ദ്രവ്യത്തെ വണങ്ങുന്നവർ ഉണ്ട്, സാങ്കേതിക വിദ്യ

യെ വിഗ്രഹമാക്കിയിരിക്കയാണ് ഭൂരിഭാഗവും. ആധുനിക കാലഘട്ടത്തിലെ എല്ലാ പ്രശ്നങ്ങളും പരിഹരിക്കാൻ അധുനിക കമ്പ്യൂട്ടറിനും, ശാസ്ത്രത്തിനും കഴിയുമെന്ന തോന്നലാണ് ജനത്തിനു. പക്ഷെ യാഥാർത്ഥ്യം അതല്ല എന്നു മനസിലാക്കണം. കാരണം മനുഷ്യനിൽ മനസാക്ഷിയും ആത്മാവും ഉണ്ട്. അതിനാൽ പാപ പ്രശ്നവും ഉണ്ട്. ഈ പ്രശ്നം പരിഹരിക്കാൻ ഒരു കമ്പ്യൂട്ടറിനും സാദ്ധ്യമല്ല. സുവിശേഷത്തിനു മാത്രമെ ഈ പ്രശ്നം പരിഹരിക്കാനാകു (റോമർ 1:16; മർക്കൊസ് 16:15-16).

എല്ലാ സ്ഥലത്തും ഉള്ള പ്രതിഭാസമാണ് ഭൗതികത്വത്തെ ദൈവത്തെപ്പോലെ കരുതുന്നു എന്നത്. ആയിരക്കണക്കിനു, ലക്ഷക്കണക്കിനു ആളുകൾ അവരുടെ ഭൗതിക നിക്ഷേപങ്ങളെ ആരാധിക്കുന്നവരാണ്. കാർ, വീട്, വസ്തു, ആഭരണങ്ങൾ, വിലയേറിയ വസ്ത്രങ്ങൾ, പണം, ഓഹരികൾ എന്നു വേണ്ട ഓരോരുത്തരുടെ മനസിനു ഇണങ്ങിയ ഓരോന്നിനേയും അവർ അമിതമായി സ്നേഹിക്കുന്നു. ആർക്കും രണ്ടു യജമാനന്മാരെ സ്നേഹിപ്പാൻ കഴിയുകയില്ല. അങ്ങനെ ചെയ്താൽ ഒരുത്തനെ പകെച്ചു മററവനെ സ്നേഹിക്കും; അല്ലെങ്കിൽ ഒരുത്തനോടു പററിച്ചേർന്നു മററവനെ നിരസിക്കും. നിങ്ങൾക്കു ദൈവത്തേയും മാമോനെയും സേവിപ്പാൻ കഴിയുകയില്ല (മത്തായി 6:24). മമോൻ എന്ന പദത്തെ സൂചിപ്പിക്കുന്നതു ഭൗതികമയ ധനത്തെയാണ്. ഒരു മനുഷ്യന്റെ ജീവനു ആധാരമായിരിക്കുന്നത് അവന്റെ വസ്തു വകയോ പണമോ അല്ലെങ്കിൽ ഈ ലോകത്തിലെ ഒന്നുമല്ല (ലൂക്കൊസ് 12:13-21). പണം കൈമാറിപ്പോകുന്നതാണ്. അതുകൊണ്ട് അതിനാൽ നമുക്ക് എല്ലാം വാങ്ങാവുന്നതല്ല (സഭാപ്രസംഗി 8:8; 1 തിമൊഥെയോസ് 6:6-18). ദ്രവ്യാഗ്രഹം സകല വിധ ദോഷത്തിനും കാരണമാകുന്നു.

(ശേഷം അടുത്ത ലക്കത്തിൽ)

★

# വചനത്തെ തുച്ഛീകരിക്കുന്നവൻ

**W. A. ഹോളെ**

വചനത്തെ നിന്ദിക്കുന്നവൻ അതിന്നു ഉത്തരവാദി. കല്പനയെ ഭയപ്പെടുന്നവന്നോ പ്രതിഫലം പ്രാപിക്കുന്നു (സദൃശവാക്യങ്ങൾ 13:13). ദൈവത്തിന്റെ അരുളപ്പാടുകൾ എന്താണെന്നു അറിയാതെ അതിനെ നിന്ദിക്കുന്നതിന്റെ ഫലം വളരെ വലുതാണ്. ബൈബിളിനെ നിസ്സാരമെന്നു കരുതി വെറും പുസ്തകമെന്ന രീതിയിൽ മാറ്റി നിർത്തുന്നവർ ഉണ്ട്. പക്ഷെ അതിൽ അന്തർഭവിച്ചിരിക്കുന്ന ദിവ്യ ശക്തി തിരിച്ചറിയാതിരിക്കരുത്. മൂർച്ചയുള്ളവാളും പോലെയാണ് വചനം എന്നോർക്കുക. ആ അർത്ഥത്തിൽ നോക്കിയാൽ രക്ഷിപ്പാനും ശിക്ഷിപ്പാനും ഉള്ള ശക്തി തിരുവചനത്തിന്നു ഉണ്ട്. ദൈവത്തിന്റെ ഉപദേശത്തെ നിന്ദിക്കുക എന്നു പറഞ്ഞാൽ എന്താണ്? അതിന്റെ ശിക്ഷ എന്താണ്? ഇവയെല്ലാം ഓരോരുത്തരും മനസ്സിലാക്കിയിരിക്കണം.

പഴയ നിയമ കാലത്തു ജീവിച്ചിരുന്ന ആളുകളിലും ഇത്തരം സ്വഭാവക്കാർ ഉണ്ടായിരുന്നു. സിദെക്കീയാവു വാഴ്ച തുടങ്ങിയപ്പോൾ അവന്നു ഇരുപത്തൊന്നു വയസായിരുന്നു. അവൻ പതിനൊന്നു സംവത്സരം യെരൂശലേമിൽ വാണു. അവൻ തന്റെ ദൈവമായ യഹോവെക്കു അനിഷ്ടമായുള്ളതു ചെയ്തു; യഹോവയുടെ വായിൽ നിന്നുള്ള വചനം പ്രസ്താവിച്ച യിരെമ്യാ പ്രവാചകന്റെ മുമ്പിൽ തന്നെത്താൻ താഴ്ത്തിയില്ല. അവനെക്കൊണ്ടു ദൈവ നാമത്തിൽ സത്യം ചെയ്യിച്ചിരുന്ന നെബൂഖദ്നേസർ രാജാവിനോടു അവൻ മത്സരിച്ചു; ശാഠ്യം കാണിക്കയും യിസ്രായേലിന്റെ ദൈവമായ യഹോവയിങ്കലേക്കു തിരിയാതവണ്ണം തന്റെ ഹൃദയം കഠിനമാക്കുകയും ചെയ്തു (2 ദിനവൃത്താന്തം 36:11-13). ഇങ്ങനെയുള്ള ജനത്തോടു സഹതാപം തോന്നിയ ദൈവം തന്റെ ദൂതന്മാരെ അവരുടെ അടുക്കൽ അയച്ചു. പക്ഷെ അവരുടെ വാക്കുകൾ നിരസിച്ചു

അവരെ പരിഹസിച്ചു. അങ്ങനെ ഉപശാന്തിയില്ലാതവണ്ണം ദൈവകോപം അവരുടെ മേൽവന്നു. തൽഫലമായി അവരെ ബാബിലോണിൽ പ്രവാസികളായി കൊണ്ടുപോയി.

യേശുക്രിസ്തു അന്നത്തെ തലമുറയിലെ യഹൂദന്മാരോടു സംസാരിക്കുന്ന സന്ദർഭം നമുക്കു വായിക്കാം. കപടഭക്തിക്കാരായുള്ളോരേ നിങ്ങൾക്കു ഹാ കഷ്ടം. നിങ്ങൾ പ്രവാചകന്മാരുടെ കല്ലറകളെ പണിതും നീതിമാന്മാരുടെ കല്ലറകളെ അലങ്കരിച്ചുകൊണ്ടു ഞങ്ങൾ പിതാക്കന്മാരുടെ കാലത്തു ഉണ്ടായിരുന്നു എങ്കിൽ പ്രവാചകന്മാരെ കൊല്ലുന്നതിൽ കൂട്ടാളികൾ ആകയില്ലായിരുന്നു എന്നു പറയുന്നു. അങ്ങനെ നിങ്ങൾ പ്രവാചകന്മാരെ കൊന്നവരുടെ മക്കൾ എന്നു നിങ്ങൾ തന്നെ സാക്ഷ്യം പറയുന്നുവല്ലോ. പിതാക്കന്മാരുടെ അളവു നിങ്ങൾ പൂരിപ്പിച്ചു കൊൾവിൻ. പാമ്പുകളെ, സർപ്പസന്തതികളെ, നിങ്ങൾ നരകവിധി എങ്ങനെ ഒഴിഞ്ഞുപോകും? അതുകൊണ്ടു ഞാൻ പ്രവാചകന്മാരെയും ജ്ഞാനികളേയും ശാസ്ത്രിമാരെയും നിങ്ങളുടെ അടുക്കൽ അയക്കുന്നു. അവരിൽ ചിലരെ നിങ്ങൾ ക്രൂശിച്ചു കൊല്ലുകയും ചിലരെ നിങ്ങളുടെ പള്ളികളിൽ ചമ്മട്ടികൊണ്ടു അടിക്കയും പട്ടണത്തിൽ നിന്നു പട്ടണത്തിലേക്കു ഓടിക്കയും ചെയ്യും. നീതിമാനായ ഹാബേലിന്റെ രക്തം മുതൽ നിങ്ങൾ മന്ദിരത്തിനും യാഗപീഠത്തിനും നടുവിൽ വെച്ചു കൊന്നവനായി ബെരെഖ്യാവിന്റെ മകനായ സെഖര്യാവിന്റെ രക്തം വരെ ഭൂമിയിൽ ചൊരിഞ്ഞ നീതിയുള്ള രക്തം എല്ലാം നിങ്ങളുടെ മേൽ വരേണ്ടതാകുന്നു (മത്തായി 23:29-36).

ബൈബിളിലെ ഏററവും മനോഹരമായ ഉദ്ധരണി നോക്കുക. എല്ലാററിന്റേയും സാരം കേൾക്കുക: ദൈവത്തെ ഭയപ്പെട്ടു അവന്റെ കല്പനകളെ പ്രമാണിച്ചു കൊൾക; അതാകുന്നു സകല മനുഷ്യർക്കും വേണ്ടുന്നതു. ദൈവം നല്ലതും തീയതുമായ സകല പ്രവൃത്തിയെയും സകല രഹസ്യങ്ങളുമായി ന്യായവിസ്താരത്തിലേക്കു വരുത്തുമ

ല്ലോ'' (സഭാപ്രസംഗി 12:13). ക്രിസ്തുവിന്റെ കാലഘട്ടത്തിൽ അഥവാ പുതിയ നിയമ കാലയളവിൽ ജീവിച്ചിരുന്നവർ അവന്റെ വചനങ്ങളെ അനുസരിക്കണം. അവന്റെ വചനത്തെ നിന്ദിച്ചാൽ ഇതേ വചനം തന്നെ അന്ത്യനാളിൽ എല്ലാവരെയും ന്യായം വിധിക്കും (യോഹന്നാൻ 12:48).

ദൈവേഷ്ടത്തെ മാനിക്കാത്തവരാണ് വചനത്തെ നിന്ദിക്കുന്നവർ. അവർ നഷ്ടപ്പെട്ടവരാണ്. ഈ തത്വത്തിനു പററിയ ഒരു ഉദാഹരണം തന്നെയായിരുന്നു ആദാമും ഹവ്വയും (ഉല്പത്തി 3:1-13). അവരുടെ പാപഫലമായി അവർ ഏദൻ തോട്ടത്തിൽ നിന്നും പുറത്താക്കപ്പെട്ടു. ദൈവം കല്പിച്ചിട്ടില്ലാത്ത അന്യാഗ്നി ഉപയോഗിച്ച നാദാബിനും അബീഹൂവിനും നാശമായിരുന്നു ഫലം (ലേവ്യപുസ്തകം 10:1-2). ലവൊദിക്യാ സഭ ഉഷ്ണവാനോ ശീതവാനോ ആയിരിക്കാതെ ശീതോഷ്ണവാനായിരുന്നതുകൊണ്ടു അവർ നഷ്ടപ്പെട്ടുപോയി (വെളിപ്പാട് 3:14-22). അങ്ങനെയുള്ളവർക്ക് ആർക്കും ദൈവ ഹൃദയത്തിൽ സ്ഥാനമില്ല. നാമധേയ വിഭാഗക്കാർ, യേശുക്രിസ്തുവിന്റെ കല്പനയായ മർക്കൊസ് 16:16 നിന്ദിച്ച് തള്ളികളഞ്ഞിരിക്കയാണ്. അതുപോലെ പ്രവൃത്തി 2:28; 1 പത്രൊസ് 3:21 എന്നിവയും അവർ നിരസിച്ചിരിക്കയാണ്. അനേകം നൂററാണ്ടുകളായി മനുഷ്യർ ഈ വേദഭാഗങ്ങളെ അവഗണിച്ചു തള്ളികളഞ്ഞിരിക്കയാണ്. പക്ഷെ ദൈവത്തിന്റെ സത്യമായ വചനം ഇന്നും സത്യമായി നിലകൊള്ളുന്നു.

ആയിരക്കണക്കിനു ആളുകൾ കർത്തൃ ദിവസത്തെ തുച്ഛീകരിച്ച് നിഷേധിച്ചിരിക്കയാണ്. തിരുവെഴുത്തിൽ രേഖപ്പെടുത്തിയിരിക്കുന്ന ആഴ്ചവട്ടത്തിന്റെ ഒന്നാം നാൾ അവർ പരിഗണിക്കാതെ ശബ്ബത്തു ആചരിക്കയാണ്. അവരെ ശബ്ബത്തുകാർ എന്നു വിളിക്കുന്നു. യെഹൂദന്മാരോടാണ് ശബ്ബത്ത് ആചരിക്കാൻ കല്പിച്ചത് (ആവർത്തന

പുസ്തകം 5:1-15). യേശു ക്രൂശിൽ മരിച്ചതോടെ ശബ്ബത്തിന്റെ ഉടമ്പടി അവസാനിച്ചു (കൊലൊസ്യർ 2:14-17). അതിനുശേഷം ആരും ശബ്ബത്ത് അനുഷ്ഠിക്കേണ്ടതില്ല. കർത്താവ് ഉയിർത്തെഴുന്നേററ ആഴ്ചവട്ടത്തിന്റെ ഒന്നാം നാളിലാണ് കൂടി വരേണ്ടത് (പ്രവൃത്തി 20;7).

പുതിയനിയമ സഭയെ കുറിച്ച് കർത്താവ് പഠിപ്പിച്ചതിനെ നിന്ദിക്കുകയാണ് വേറെ ചിലർ (മത്തായി 16:18; പ്രവൃത്തി 2:1-4). അപ്പൊസ്തലന്മാരുടെ സമയത്ത് രക്ഷിക്കപ്പെടുന്നവരെ കർത്താവ് സഭയോട് ചേർത്തു വന്നു. സഭയിലേക്കു ആളുകൾ ചേരുകയായിരുന്നില്ല എന്നത് പ്രത്യേകം ശ്രദ്ധിക്കുക. ഒരു വ്യക്തിയുടെ ഇഷ്ടമനുസരിച്ച് ഏതെങ്കിലും ഒന്നിൽ ചേരാനുള്ള സ്വാതന്ത്ര്യം ഇല്ല എന്നർത്ഥം. സഭ ഏതായാലെന്ത്? അതിൽ വലിയ കാര്യമില്ല എന്ന അർത്ഥത്തിൽ ചിന്തിക്കുകയും പ്രവർത്തിക്കുകയും ചെയ്യുന്നവർ ഉണ്ട്. പക്ഷെ യേശുക്രിസ്തു പ്രാധാന്യമില്ലാത്ത ഒന്നിനെ രക്തം കൊടുത്തു വാങ്ങുകയില്ല. ബൈബിളിൽ ഏക സഭയാണ് ഉള്ളത്. വിശുദ്ധീകരിക്കപ്പെട്ടവരുടെ കൂട്ടമാണ് സഭ. ദൈവത്താലാണ് അതും നടക്കുന്നതു (പ്രവൃത്തി 20:28, എഫെസ്യർ 1:22-23; 4:4-5).

ദൈവത്തെ ഭയന്നു അവന്റെ കല്പനകളെ പ്രമാണിക്കുന്നവരെ അവൻ സമൃദ്ധമായി അനുഗ്രഹിക്കും. ഹാനോക്ക് മുന്നൂറു സംവത്സരം ദൈവത്തോടുകൂടെ നടന്നു (ഉല്പത്തി 5:21-24). അതുപോലെ നോഹയോടു ദൈവം കല്പിച്ചതുപോലെ ഒരു പെട്ടകം പണിയുകയും അവനും കുടുംബവും പെട്ടകത്തിൽ കയറി രക്ഷ പ്രാപിക്കയും ചെയ്തു (ഉല്പത്തി 6:8).

★

YOUR ATTENTION PLEASE!

# Radio Srilanka Broadcasts

**ENGLISH** —The Voice of Truth—Speakers: Reggi Gnanasundaram and J. C. Choate

All correspondence should be sent to The Voice of Truth.
Post Box 3815, New Delhi-110049.
Fridays — 7.45 to 8.00 P.M.

**HINDI**—Satya Susamachar—Speaker. Sunny David.

All correspondence should be sent to Satya-Susamachar.
Post Box 3815, New Delhi-110049.
Sundays — 8.45 to 9.00 P.M.
Tuesdays — 9.00 to 9.15 P.M.
Thursdays — 9.00 to 9.15 P.M.

**TELUGU**—The Voice of Truth—Speaker : Joshua Gootam

All correspondence should be sent to The Voice of Truth
Post Box 80, Kakinada-533001.
Sundays — 2.00 to 2.15 P.M.
Tuesdays — 2.00 to 2.15 P.M.
Thursdays — 2.00 to 2.15 P.M.

**TAMIL**—"The Way of Truth"—Speaker: P. R. Swamy.

All correspondence should be sent to The Way of Truth
Post Box 8405, Bangalore 560084.
Thursdays — 6.45 to 7.00 P.M.
Sundays — 6.45 to 7.00 P.M.

**MALAYALAM**—The Voice of Truth—Speaker : P. K. Varghese

All correspondence should be sent to Church of Christ
Trivandrum - 695034 Kerala.
Fridays — 3.45 to 4.00 p.m.

**KANNADA**—The Voice of Truth—Speaker : Robert

Rathnakar—Box. 448, Bangalore—560004
Sundays — 1.45 to 2.00 P.M.

## ALL ARE ENCOURAGED TO LISTEN

Bible Correspondence Courses and Christian Literature are available in these different languages from the addresses listed. Also the radio sermons are available in book form.

---

Edited, Printed and Published by P. K. Varghese Church of Christ Tvm: Printed at Joshah Printers for Santhosh Printers Trivandrum

Reg: No. K. Dis 90095/86/ A8, Regd. No. KL/TV (N) 22

* You are Cordially Invited *
To Attend
Services and Bible studies

Sunday 10 a.m.
Tuesday 6.30 P.m.

Meeting place

**CHURCH OF CHRIST BUILDING**

Sunny Meads Lane
Behind Sanskrit College, Palayam
Trivandrum - 695 034

All correspondence should be sent to the Editor Bible Truth, Church of Christ, Trivandrum-34, Kerala, South India.

From

**THE BIBLE TRUTH**
Church of Christ
Behind Sanskrit College
Thiruvananthapuram-695 034
Phone : 443378

To